**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊവിഡ്-19 പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ലോക്ക്ഡൗൺമൂലം താൽക്കാലികമായി അടച്ചിട്ടിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ/ വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും, ലേലം ചെയ്ത് നൽകിയതുമായ എല്ലാ ഇനങ്ങൾക്കും ആനുപാതിക കിഴിവ് അനുവദിക്കുന്നതിനുള്ള ഉത്തരവ് 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി ബാധകമാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ)നം.801/2022/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 31-03-2022

---

പരാമർശം:- 1) സ.ഉ.(സാധാ)നം.1410/2021/തസ്വഭവ തീയതി 27.07.2021

2) മെഴുവേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.03.2022 ലെ എം.7-465/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊവിഡ്-19 പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 2020-21 സാമ്പത്തിക വർഷം ലോക്ക്ഡൗൺമൂലം താൽക്കാലികമായി അടച്ചിട്ടിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ/വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും, ലേലം ചെയ്ത് നൽകിയതുമായ എല്ലാ ഇനങ്ങൾക്കും അടച്ചിട്ടിരുന്ന കാലയളവിന് ആനുപാതികമായി കിഴിവ് അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന അതോറിറ്റികൾക്കും അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ കൊവിഡ് മഹാമാരിയുടെ രണ്ടും മൂന്നും തരംഗവ്യാപനത്തെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗേറ്റ് ഫീ പിരിവ്, മാർക്കറ്റ് പിരിവ് തുടങ്ങി ലേലം ചെയ്ത് നൽകിയ എല്ലാ ഇനങ്ങളിലും ലേലത്തിൽ പിടിച്ചവർക്ക് വരുമാനമൊന്നും ലഭിച്ചിട്ടില്ലെന്നും ഈ കാലയളവിൽ ലേലംകൊണ്ടവർ തുക അടയ്ക്കാതെ വൻതുക കുടിശ്ശികയാകുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ/വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും ലേലം ചെയ്ത് നൽകിയതുമായ എല്ലാ ഇനങ്ങൾക്കും അടച്ചിട്ടിരുന്ന കാലയളവിന് ആനുപാതികമായി കിഴിവ് അനുവദിച്ച കാലയളവ് 2021-22 സാമ്പത്തിക വർഷത്തേയ്ക്ക്കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊവിഡ് രണ്ടും മൂന്നും തരംഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺമൂലം താൽക്കാലികമായി

അടച്ചിട്ടിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ/ വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും, ലേലം ചെയ്ത് നൽകിയതുമായ എല്ലാ ഇനങ്ങൾക്കും അടച്ചിട്ടിരുന്ന കാലയളവിന് ആനുപാതികമായി കിഴിവ് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രാജീവൻ.എ.പി**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ വികസന അതോറിറ്റി സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1/ആഡിറ്റ്- II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ(ഡി.എ/എഫ്.എം/ഐ.എ/ആർ.ഡി) വകുപ്പ്
ധനകാര്യ (ഡവലപ്മെന്റ്) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ത.സ്വ.ഭ.വ-ആർസി2/58/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ